# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 724 — 08.01.2014 ൽ മറുപടിക്ക്

### സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നിലവിൽ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ഡയാലിസിസ് സൗകര്യം ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഡയാലിസിസ് നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ നിലവിൽ ഡയാലിസിസ് സൗകര്യം ഉള്ള ആശുപത്രികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 1) ജനറൽ ആശുപത്രി, തിരുവനന്തപുരം<br>2) ജില്ലാ ആശുപത്രി, തിരുവനന്തപുരം |
| പത്തനംതിട്ട | 3) ജില്ലാ ആശുപത്രി, കോഴഞ്ചേരി |
| കോഴിക്കോട് | 4) ജനറൽ ആശുപത്രി, കോഴിക്കോട് |
| ഇടുക്കി | 5) താലൂക്കാശുപത്രി, തൊടുപുഴ |
| കോട്ടയം | 6) ജില്ലാ ആശുപത്രി, കോട്ടയം |
| ആലപ്പുഴ | 7) താലൂക്കാശുപത്രി, ഹരിപ്പാട് |
| പാലക്കാട് | 8) ജില്ലാ ആശുപത്രി, പാലക്കാട് |
| മലപ്പുറം | 9) ജില്ലാ ആശുപത്രി, തിരൂർ<br>10) താലൂക്കാശുപത്രി, നിലമ്പൂർ |
| തൃശ്ശൂർ | 11) ജില്ലാ ആശുപത്രി, തൃശ്ശൂർ |
| വയനാട് | 12) ജില്ലാ ആശുപത്രി, മാനന്തവാടി |
| കണ്ണൂർ | 13) ജില്ലാ ആശുപത്രി, കണ്ണൂർ |
| കാസർഗോഡ് | 14) ജനറൽ ആശുപത്രി, കാസർഗോഡ് |

| | | | |
|---|---|---|---|
| | | എറണാകുളം | 15) ജനറൽ ആശുപത്രി, എറണാകുളം<br>16) താലൂക്കാശുപത്രി, ആലുവ |
| (ബി) | ഡയാലിസിസ് സൗകര്യം കൂടുതൽ സർക്കാർ ആശുപത്രി കളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; | (ബി) | 05.02.2013 ലെ സ.ഉ (സാധാ) നം. 114/2013/ റ്റി.ഡി നം. ഉത്തരവ് പ്രകാരം കാരുണ്യ ബനവലന്റ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് 27 ആശുപത്രികളിൽ സൗജന്യമായി ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പണി ആരംഭിക്കുന്ന തിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | ഡയാലിസിസ് സൗകര്യമുള്ള എല്ലാ സർക്കാർ ആശുപത്രി കളിലും യോഗ്യതയുള്ള ഡയാലിസിസ് ടെക്നീഷ്യൻമാരുണ്ടോ; ഏതൊക്കെ ആശുപത്രി യിലാണുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും | എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി കളിലും യോഗ്യതയുള്ള ഡയാലിസിസ് ടെക്നീഷ്യൻമാരുണ്ട്. ആരോഗ്യ വകുപ്പിൽ ഡയാലിസിസ് ടെക്നീഷ്യന്റെ അനുവദനീയ തസ്തിക നിലവിലില്ല. ഡയാലിസിസ് സൗകര്യമുള്ള മറ്റ് സർക്കാർ ആശുപത്രികളിൽ ആശുപത്രി വികസന സമിതി / സൊസൈറ്റി എന്നിവ മുഖാന്തിരം ഡയാലിസിസ് ടെക്നീഷ്യൻമാരെ താൽക്കാലി കാടിസ്ഥാനത്തിൽ നിയമിച്ചുവരുന്നു. |
| (ഡി) | മറ്റിടങ്ങളിൽ യോഗ്യരായുള്ള ടെക്നീഷ്യൻമാരുടെ അഭാവത്തിൽ സുരക്ഷിത ഡയാലിസിസിനായി ഏർപ്പെ ടുത്തിയിരിക്കുന്ന സംവിധാനം എന്താണെന്ന് വിശദമാക്കാമോ; | | |
| (ഇ) | ഡയാലിസിസ് ടെക്നോളജി കോഴ്സിന്റെ അടിസ്ഥാന യോഗ്യത നിർണ്ണയിച്ചതിലുള്ള അപാകത പരിഹരിക്കണമെന്നും അവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കണമെന്നും ആവശ്യപ്പെട്ട് ഡയാലിസിസ് ടെക്നീഷ്യൻസ് അസോസിയേ ഷൻ സമർപ്പിച്ച നിവേദന ത്തിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ? | (ഇ) | ഡയാലിസിസ് ടെക്നീഷ്യൻസ് അസോസിയേഷൻ സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ